ഉത്തരം

ഈ റോഡ് പി. ഡബ്ല്യൂ. ഡി ഏറ്റെടുത്തിട്ടില്ല.

പിറവം റെസ്റ്റ് ഹൗസ്

1191 [1903] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിറവത്ത് പി. ഡബ്ലിയു. ഡി. റെസ്റ്റ്ഹൗസ് ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടിക്രമം സ്വീകരിച്ചു?

ഉത്തരം

വരും വർഷത്തെ ബഡ്ജറ്റിൽ ഈ പ്രവൃത്തി കൊള്ളിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

വൈപ്പിൻ തീരദേശ റോഡ്

1192 [1904] ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ തീരദേശ റോഡിന്റെ നിർമ്മാണ പുരോഗതി എന്തെന്നു വ്യക്തമാക്കുമോ;

(ബി) ഈ റോഡുനിർമ്മാണത്തിനു എത്ര സംഖ്യ ചെലവുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) എത്ര സംഖ്യ ഇതിനകം ചെലവു ചെയ്തിട്ടുണ്ട്;

(ഡി) റോഡുപണി എന്നത്തേക്ക് പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നു പറയാമോ?

ഉത്തരം

(എ) വൈപ്പിൻ തീരദേശ റോഡ് എന്ന പേരിൽ ഒരു റോഡ് നിർമ്മിക്കാനുള്ള യാതൊരു നിർദ്ദേശവും ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലില്ല.

(ബി, സി, & ഡി) (എ)-വിഭാഗത്തിനു നൽകിയ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

തിരുവനന്തപുരം-തൈക്കാട് ആശുപത്രി റോഡ്

1193 [1905] ശ്രീ. എൻ. കിട്ടപ്പ നാരായണസ്വാമി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പട്ടണത്തിന്റെ മദ്ധ്യഭാഗത്തു സ്ഥിതി ചെയ്യുന്ന തൈക്കാട് സ്ത്രീകൾക്കായുള്ള ആശുപത്രിയിലെ പ്രസവ വാർഡിലേക്കുള്ള റോഡ് വളരെ മോശമായ അവസ്ഥയിലാണെന്നുള്ള കാര്യം ഗവൺമെന്റിന് അറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly